"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

തീയതി : 05-10-2023

**സർക്കുലർ നം 34**

ജയിലാസ്ഥാനകാര്യാലയത്തിലെ 03/05/2023 തീയതിയിലെ സർക്കുലർ.നം.14/2023 പ്രകാരം അന്തേവാസികൾക്ക് പ്രചോദനാത്മകമായ വിഷയങ്ങളിൽ മോട്ടിവേഷണൽ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനുള്ള ത്രൈമാസഷെഡ്യൂൾ യഥാസമയം സമർപ്പിക്കുവാനാണ് നിർദേശം നല്കിയിട്ടുള്ളത്. എന്നാൽ ചില ജയിലുകളിൽ വിശ്വാസവുമായി ബന്ധപ്പെട്ട വിഷയങ്ങൾ മോട്ടിവേഷണൽ ക്ലാസ്സിനായി ഉൾപ്പെടുത്തിയതായി കാണുന്നു. വിശ്വാസത്തിലുള്ള പരിശീലനം മോട്ടിവേഷണൽ ക്ലാസിന്റെ പരിധിയിൽ വരുന്ന ഒരു വിഷയമല്ല. മത ബോധനം, സാൻമാർഗിക ക്ലാസ്സുകൾ മുതലായവ നടത്തുന്നതിന് ജയിൽ ചട്ടങ്ങളിലെ 256 അനുസരിച്ചുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. അത്തരം ക്ലാസുകൾ അതേ വിശ്വാസം പുലർത്തുന്ന തടവുകാർക്ക് മാത്രമായി ചുരുക്കണമെന്ന് ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുണ്ട്. മോട്ടിവേഷണൽ ക്ലാസ്സുകൾ മുഴുവൻ തടവുകാർക്കുമായി സംഘടിപ്പിക്കുന്നവയാണ്. മതവുമായും വിശ്വാസവുമായും ബന്ധപ്പെട്ട ക്ലാസ്സുകൾ മോട്ടിവേഷണൽ ക്ലാസുകളുടെ ഭാഗമായി സംഘടിപ്പിക്കരുത്. മോട്ടിവേഷണൽ ക്ലാസ്സുകൾക്കുള്ള വിഷയങ്ങളും റിസോഴ്സ് വ്യക്തികളെയും തെരഞ്ഞെടുക്കുമ്പോൾ സൂപ്രണ്ടുമാർ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ജനുവരി- മാർച്ച്, ഏപ്രിൽ -ജൂൺ, ജൂലൈ- സെപ്റ്റംബർ, ഒക്ടോബർ - ഡിസംബർ എന്നീ ക്രമത്തിൽ യഥാസമയം ത്രൈമാസ ഷെഡ്യൂൾ സമർപ്പിക്കേണ്ടതാണ്. ത്രൈമാസ ഷെഡ്യൂളിൽ ചുവടെ ചേർക്കും പ്രകാരമുള്ള വിവരങ്ങൾ കർശനമായും ഉൾപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. കൂടാതെ ആത്മഹത്യ സംബന്ധിച്ച ക്ലാസ്സുകൾ സംഘടിപ്പിക്കുമ്പോൾ ആത്മഹത്യ എന്ന വാക്കും നെഗറ്റീവായ പ്രയോഗങ്ങളും ഒഴിവാക്കി പോസിറ്റീവായ രീതിയിൽ വിഷയങ്ങൾ (ഉദാ: ജീവിത വിജയം നേടുന്നതിനുള്ള മാർഗങ്ങൾ, എങ്ങനെ സന്തോഷത്തോടെയിരിക്കാം മുതലായ രീതിയിൽ ) അവതരിപ്പിക്കുന്നതിനും നിർദേശം നൽകുന്നു.

| ക്രമ നം. | മാസം | ക്ലാസ് എടുക്കുന്ന വ്യക്തിയുടെ പേര് /തസ്തിക/മേൽവിലാസം/ഫോൺ.നം | വിഷയം |
|---|---|---|---|
| | | | |

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസിനു വേണ്ടി

G2-6876/2023/PrHQ　　cf6fbd

സ്വീകർത്താവ്: എല്ലാ ജയിൽസ്ഥാപനമേധാവികൾക്കും

പകർപ്പ്: DIG NZ/CZ/SZ

G2-6876/2023/PrHQ

cf6fbd